2024
JUNE
12
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ




## ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി പുതിയ കരസേന മേധാവി



**ന്യൂഡൽഹി:** ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി കരസേനാ മേധാവിയാകും. ജൂൺ മുപ്പതിന് സ്ഥാനമേൽക്കും. നിലവിലെ മേധാവി മനോജ് പാണ്ഡെയുടെ കാലാവധി ഈ മാസം 30ന് അവസാനിക്കും. കരസേനാ ഉപമേധാവിയായി ഫെബ്രുവരിയിലാണ് ലഫ്.ജനറൽ ഉപേന്ദ്ര ദ്വിവേദി ചുമതലയേറ്റത്. പാക്കിസ്ഥാൻ, ചൈന അതിർത്തികളിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുള്ള ഉപേന്ദ്ര ദ്വിവേദി സേനാ മേധാവിയായേക്കുമെന്ന് സൂചനകളുണ്ടായിരുന്നു.

1984ൽ സേനയിൽ ചേർന്ന ദ്വിവേദി ചൈനാ അതിർത്തിയിൽ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. അതിർത്തിപ്രശ്നങ്ങളിൽ ഇന്ത്യയ്ക്കായി നിർണായക ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഉധംപുർ ആസ്ഥാനമായ വടക്കൻ കമാൻഡിന്റെ മേധാവിയായും സേവനമനുഷ്ഠിച്ചു. നാഷനൽ ഡിഫൻസ് കോളജിലും യുഎസ് വാർ കോളജിലുമുൾപ്പെടെ ഉന്നത വിദ്യാഭ്യാസം നേടിയിട്ടുണ്ട്.

## മലാവി വൈസ് പ്രസിഡന്റ് സോളോസ് ക്ലോസ് ചിലിമ കൊല്ലപ്പെട്ടു

**ലണ്ടൻ:** മലാവി വൈസ് പ്രസിഡന്റ് സോളോസ് ക്ലോസ് ചിലിമ (51) വിമാനാപകടത്തിൽ കൊല്ലപ്പെട്ടെന്ന് സ്ഥിരീകരണം. സോളോസുൾപ്പെടെ വിമാനത്തിലുണ്ടായ 10 പേരും മരിച്ചതായി മലാവി പ്രസിഡന്റ് ലസാറസ് ചക്വേരെ ടെലിവിഷൻ സന്ദേശത്തിൽ അറിയിച്ചു. മരിച്ചവരിൽ സോളോസിന്റെ ഭാര്യ മേരിയും രാഷ്ട്രീയ പാർട്ടിയായ യുണൈറ്റഡ് ട്രാൻസ്ഫോർമേഷൻ മൂവ്മെന്റിന്റെ നേതാക്കളും ഉൾപ്പെടുന്നു.തകർന്നുവീണ വിമാനം വനത്തിൽ കണ്ടെത്തിയെന്നും ചക്വേര പറഞ്ഞു. മസുസിവിലെ വിമാനത്താവളത്തിൽ ഇറങ്ങേണ്ടിയിരുന്ന വിമാനം മോശം കാലാവസ്ഥയെത്തുടർന്ന് തലസ്ഥാനമായ ലിലോങ്‌വേയിലേക്ക് തിരിച്ചുവിടുകയായിരുന്നു. പിന്നീട് വിമാനം റഡാറിൽനിന്ന് അപ്രത്യക്ഷമായി.

## മന്ത്രിയായി വീണ്ടും അശ്വിനി വൈഷ്ണവ്; വൻ കുതിപ്പോടെ റെയിൽ ഓഹരികൾ

**ന്യൂഡൽഹി:**കേന്ദ്ര റെയിൽവേ മന്ത്രിയായി വീണ്ടും അശ്വിനി വൈഷ്ണവ് ചുമതലയേറ്റതിനു പിന്നാലെ മികച്ച നേട്ടവുമായി ഈ മേഖലയിലെ ഓഹരികൾ. കഴിഞ്ഞ നരേന്ദ്ര മോദി സർക്കാർ തുടങ്ങിവച്ച വികസനപദ്ധതികൾക്ക് തുടർച്ചയുണ്ടാകുമെന്ന പ്രതീക്ഷയുടെ കരുത്തിലാണ് ഓഹരിക്കുതിപ്പ്.

റെയിൽടെൽ 9.42 ശതമാനവും ഇർകോൺ ഇൻറർനാഷനൽ 8.36 ശതമാനവും ഉയർന്നാണ് അവസാന സെഷനിൽ വ്യാപാരം നടത്തിയത്. ടെക്സ്മാകോ റെയിൽ ഏഴര ശതമാനത്തിലധികം നേട്ടമുണ്ടാക്കി. ഐആർസിടിസി 4.8 ശതമാനവും റെയിൽ വികാസ് നിഗം (ആർവിഎൻഎൽ) 4 ശതമാനവും



ഐആർഎഫ്സി 2.17 ശതമാനവും ഉയർന്നു. ടിറ്റഗഢ് റെയിൽ സിസ്റ്റംസുള്ളത് ഒരു ശതമാനം നേട്ടത്തിലാണ്.

2047 ഓടെ 4,500 വന്ദേഭാരത് ട്രെയിനുകളാണ് സർക്കാരിൻറെ ലക്ഷ്യം. ബുള്ളറ്റ് ട്രെയിനുകൾ അവതരിപ്പിക്കാനും ശ്രമമുണ്ട്. പുതിയ ട്രാക്കുകളുടെ നിർമാണം, സ്റ്റേഷനുകളെ ലോക നിലവാരത്തിലേക്ക് ഉയർത്തൽ, സുരക്ഷാ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയ പദ്ധതികളും ആസൂത്രണം ചെയ്തിട്ടുണ്ട്. ആർവിഎൻഎൽ ഓഹരികളുടെ നേട്ടത്തിന് കരുത്തായി പുതിയ കരാറുകളുമുണ്ട്. സെൻട്രൽ റെയിൽവേയിൽനിന്ന് 138.5 കോടിയുടെയും ബെംഗളൂരു മെട്രോയിൽനിന്ന് 394 കോടിയുടെയും കരാറാണ് അടുത്തിടെ നേടിയത്. എൻടിപിസിയിൽനിന്ന് 495 കോടിയുടെയും ഈസ്റ്റേൺ റെയിൽവേയിൽനിന്ന് 391 കോടിയുടെയും കരാറുകളും നേടി. പാത വൈദ്യുതീകരിക്കാനുള്ള കരാറുകളാണിവ.

## കശ്മീരിൽ സൈനിക പോസ്റ്റ് ആക്രമിച്ചു; ഭീകരനെ കൊന്ന് സുരക്ഷാ സേന

**ജമ്മു:** സൈനിക പോസ്റ്റിൽ ആക്രമണം നടത്തിയ ഭീകരനെ കൊന്നു. ജമ്മു കശ്മീരിലെ ദോഡ ജില്ലയിലെ സൈനിക പോസ്റ്റിലാണ് ആക്രമണം നടന്നതെന്നു ദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ഒരു നാട്ടുകാരനു പരിക്കേറ്റു.

കത്വ ജില്ലയിൽ ഒരു ഭീകരൻ കൊല്ലപ്പെടുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്ത സംഭവത്തിനു മണിക്കൂറുകൾക്കു ശേഷമാണ് ദോഡ ജില്ലയിൽ വെടിവയ്പുണ്ടായത്. മൂന്നു ദിവസം മുൻപ് തീർഥാടകർ സഞ്ചരിച്ച ബസിനുനേരെയുണ്ടായ ഭീകരാക്രമണത്തിൽ 9 പേർ കൊല്ലപ്പെട്ടിരുന്നു.

സംഭവത്തിൽ 5 സൈനികർക്കും ഒരു സ്പെഷൽ പൊലീസ് ഓഫിസർക്കും പരിക്കേറ്റു. ദോഡയിലെ ഛത്തർഗാല മേഖലയിലെ പൊലീസ്, രാഷ്ട്രീയ റൈഫിൾസ് സംയുക്ത പോസ്റ്റിനുനേരെയാണ് വെടിവയ്പുണ്ടായത്. സ്ഥലത്ത് സുരക്ഷാ സേനയും ഭീകരരും തമ്മിൽ ഏറ്റുമുട്ടൽ തുടരുകയാണെന്നും ജമ്മു അഡീഷനൽ ഡയറക്ടർ ജനറൽ ഓഫ് പൊലീസ് ആനന്ദ് ജെയിൻ പറഞ്ഞു.

രാജ്യത്തെ സമാധാനാന്തരീക്ഷം തകർക്കാൻ നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്ന പാക്കിസ്ഥാനാണ് ആക്രമണങ്ങൾക്ക് പിന്നിലെന്നും ആനന്ദ് ജെയിൻ പറഞ്ഞു.

## രാജ്യത്തുടനീളം റബർ കൃഷി വ്യാപിപ്പിക്കാൻ ടയർ നിർമാതാക്കൾ

**കൊച്ചി:** 202324 സാമ്പത്തിക വർഷത്തിൻറെ രണ്ടാം പാദത്തിൽ ഇന്ത്യയിൽ നിന്നുള്ള ടയർ കയറ്റുമതി കുത്തനെ വർധിച്ചു. മുൻവർഷത്തെ അപേക്ഷിച്ച് 12% വർധനവാണ് രേഖപ്പെടുത്തിയത്. വികസിത സമ്പദ്‌വ്യവസ്ഥകളിലെ മാന്ദ്യം, ഭൗമരാഷ്ട്രീയ അനിശ്ചിതത്വങ്ങൾ, പണപ്പെരുപ്പ സമ്മർദ്ദം എന്നിവ കഴിഞ്ഞ വർഷത്തിൻറെ ആദ്യ പകുതിയിൽ ടയർ കയറ്റുമതിയെ സാരമായി ബാധിച്ചിരുന്നു. 202324 സാമ്പത്തിക വർഷത്തിൽ ഇന്ത്യയിൽ നിന്നുള്ള മൊത്തം ടയർ കയറ്റുമതി 23073 കോടി രൂപയായിരുന്നു. ടയർ നിർമാണത്തിന് ആവശ്യമായ സ്വാഭാവിക റബർ ക്ഷാമം പരിഹരിക്കാൻ സർക്കാർ സഹായത്തോടെ റബർ കൃഷി വ്യാപകമാക്കുമെന്ന് ഓട്ടോമോട്ടീവ് ടയർ മാനുഫാക്ചറേഴ്സ് അസോസിയേഷൻ (ആത്മ) ചെയർമാൻ അർണബ് ബാനർജി പറഞ്ഞു.

വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും ബംഗാളിലുമാണ് പഞ്ചവത്സ



ര പദ്ധതി ഇപ്പോൾ നടപ്പാക്കുന്നത്. ലക്ഷ്യത്തിൻറെ മുപ്പത് ശതമാനം മാത്രമാണ് പൂർത്തിയായത്. കൂടുതൽ സംസ്ഥാനങ്ങളിലേക്ക് കൃഷി വ്യാപിപ്പിക്കും. 1100 കോടിയുടെ പദ്ധതിയാണ് നടപ്പാക്കുന്നത്. രാജ്യത്തെ അഞ്ച് പ്രധാന ടയർ നിർമാതാക്കളാണ് ഇതിനായി മുൻകൈ എടുക്കുന്നത്. സെക്കൻഡ് ഹാൻഡ് ടയറുകളുടെ ഉപയോഗം വർധിക്കുന്നതായും ഇത് സുരക്ഷാ ഭീഷണി ഉയർത്തുന്നുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ കാലാവസ്ഥയും പരിസ്ഥിതിയും കണക്കിലെടുത്ത് സെക്കൻഡ് ഹാൻഡ് ടയർ ഉപയോഗം റോഡ് സുരക്ഷയ്ക്ക് കടുത്ത വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു. ട്രാക്റ്റർ ടയറുകളും ഓ ടി ആർ ടയറുകളും മുതൽ വിമാന ടയറുകൾ വരെ ഇന്ത്യയിലെ ടയർ കമ്പനികൾ നിർമിക്കുന്നുണ്ട്. യൂറോപ്യൻ രാജ്യങ്ങളിലേക്കും ഇപ്പോൾ വ്യാപകമായി ഇവ കയറ്റുമതി ചെയ്യുന്നുണ്ട്.

ഏറെ വെല്ലുവിളികൾക്കിടയിലും രണ്ടാം പകുതിയിൽ ടയർ കയറ്റുമതിയിൽ ഉണ്ടായ ഉണർവ് ഇന്ത്യൻ ടയർ വ്യവസായമേഖലയ്ക്കും റബർ വ്യവസായത്തിനും ഗുണകരമാണെന്നും ആഗോളതലത്തിൽ സ്വീകാര്യതയുള്ള ഇന്ത്യൻ ടയർ നിർമ്മാതാക്കളുടെ ഗുണനിലവാരത്തിൻറെ തെളിവാണെന്നും അർണാബ് ബാനർജി പറഞ്ഞു.

ആഭ്യന്തരവും ബാഹ്യവുമായ വെല്ലുവിളികൾക്കിടയിലും ടയർ കയറ്റുമതി കഴിഞ്ഞ 4 വർഷത്തിനിടെ ഏകദേശം ഇരട്ടിയായി. 2020 സാമ്പത്തിക വർഷത്തിൽ 12844 കോടി രൂപയായിരുന്ന ടയർ കയറ്റുമതി 24 സാമ്പത്തിക വർഷത്തിൽ 23073 കോടി രൂപയിലെത്തി.



# വിറൂട്ട്സിന്റെ ഇന്ത്യയിലെ ആദ്യ ബയോ ഹാക്ക് സെന്റർ കൊച്ചിയിൽ

**കൊച്ചി:** ബയോ ഹാക്കിങ് രംഗത്ത് കേരളത്തിൽ നിന്നുള്ള സ്റ്റാർട്ടപ്പ് കമ്പനിയായ വിറൂട്ട്സ് കൊച്ചിയിൽ ബയോഹാക്ക് സെന്റർ തുറക്കുന്നു. ജനിതക ശാസ്ത്രം, ന്യൂട്രിഷ്യൻ, ഫിറ്റ്നസ്, എഐ ഐടി സാങ്കേതികവിദ്യകൾ എന്നിവ സംയോജിപ്പിച്ചുകൊണ്ട് അത്യാധുനിക സാങ്കേതിക സംവിധാനങ്ങളോടെയാണ് കേന്ദ്രം സജ്ജമാക്കിയിട്ടുള്ളത്. വളരെ വ്യക്തിഗതവും സവിശേഷവുമായ വെൽനസ് സങ്കേതങ്ങൾ ബയോഹാക്ക് സെന്റർ വാഗ്ദാനം ചെയ്യുന്നു. ആരോഗ്യം ശാസ്ത്രീയമായി നിർണയിക്കാനും സ്വന്തമായി നിയന്ത്രിക്കാനും ഉപയോക്താക്കളെ ബയോഹാക്കിങ് സഹായിക്കുന്നു. ജീനോമിക്, മെറ്റബോളിക് പരിശോധനാ രീതികൾ ഉപയോഗിച്ച് ആരോഗ്യനില വിശകലനം ചെയ്യുന്നു. ശാസ്ത്രീയാധിഷ്ഠിതമായ സ്റ്റാൻഡേർഡ് നടപടിക്രമങ്ങൾ ഉപയോഗിച്ച്, കണ്ടെത്തുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നു. ആരോഗ്യം വർദ്ധിപ്പിക്കാനും രോഗരഹിതമായ ജീവിതം നയിക്കാനും ഈ പ്രക്രിയ സഹായിക്കുന്നുവെന്ന് കമ്പനി അധികൃതർ വ്യക്തമാക്കുന്നു.

ബയോഹാക്കിങ് ശാസ്ത്രീയമായ കൃത്യതയോടെ നിർവചിച്ചിട്ടുള്ള ഒരു അതിനൂതന പ്രക്രിയയാണ്. കൺസൾട്ടേഷൻ, ജീനോമിക് മെറ്റബോളിക് ടെസ്റ്റുകൾ മുഖേനയുള്ള അസസ്മെന്റ്, തികച്ചും വ്യക്തിഗതമായി പദ്ധതി തയ്യാറാക്കലും അതിന്റെ പ്രായോഗികമായ നടപ്പാക്കലും, കോച്ചിങ്, നിരന്തരമായ പിന്തുണ, ആവശ്യമായ തിരുത്തലുകൾ, AI, IOT സാങ്കേതിക സംവിധാനങ്ങളുടെ സഹായത്തോടെയുള്ള നിരീക്ഷണം എന്നിങ്ങനെ തികച്ചും ശ്രദ്ധേയമായ നടപടിക്രമമാണ് സെന്ററിന്റെ പ്രത്യേകത. ജനിതക പരിശോധന, മെറ്റബോളിക് അനാലിസിസ് എന്നിവയും അതിന്റെ അടിസ്ഥാനത്തിൽ ഡയറ്റ് കൺട്രോൾ, എക്സർസൈസ്, മെന്റൽ വെൽനെസ് എന്നീ മാർഗങ്ങളിലൂടെ സാധ്യമാക്കുന്ന തിരുത്തലുകളും ഉൾക്കൊള്ളുന്ന എപ്പിജെനെറ്റിക് ലൈഫ്സ്റ്റൈൽ മോഡിഫിക്കേഷനാണ് ഈ പ്രക്രിയയിലെ ഏറ്റവും നിർണായകമായ ഘടകങ്ങളിലൊന്ന്. ഓരോരുത്തരുടെയും ഡിഎൻഎയ്ക്കും നിലവിലെ ആരോഗ്യാവസ്ഥക്കും അനുയോജ്യമാകും വിധമാണ് ഇത് രൂപകൽപന ചെയ്തിട്ടുള്ളതെന്നും കമ്പനി അധികൃതർ വ്യക്തമാക്കുന്നു.




സമഗ്രമായ ബയോ ഡീകോഡിങ്ങിന് ശേഷമാണ് ഓരോരുത്തർക്കും അനുയോജ്യമായ ബയോ ഹാക്ക് മൊഡ്യൂൾ നിശ്ചയിക്കുന്നത്.ഏതു രംഗങ്ങളിലുമുള്ള ഏറ്റവും ഉയർന്ന പ്രവർത്തനക്ഷമത, ദീർഘായുസ്സ്, വിവിധ തരത്തിലുള്ള വേദനകൾക്കുള്ള പരിഹാരം, പരിക്കുകളിൽ നിന്നുള്ള വേഗമേറിയ തിരിച്ചു വരവ്, ജീവിതശൈലി രോഗങ്ങൾക്കുള്ള പരിഹാരം, ശരീരഭാരം നിയന്ത്രിക്കൽ, പ്രായം കൂടുന്നതിന് ആനുപാതികമായ ആരോഗ്യം ഉറപ്പാക്കൽ, ആരോഗ്യകരമായ വാർദ്ധക്യം എന്നിങ്ങനെ ബയോഹാക്കിങ്ങിന്റെ നേട്ടങ്ങൾ നിരവധിയാണ്.അടിസ്ഥാനപരവും നൂതനവുമായ എല്ലാ ബയോഹാക്ക് പ്രോട്ടോക്കോളുകളും ബയോ ഹാക്ക് സെന്റർ വാഗ്ദാനം ചെയ്യുന്നു. അവയിൽ പലതും അപൂർവവും ഈ രംഗത്ത് ആഗോള തലത്തിൽ തന്നെ പുതിയതുമാണ്.വിവിധ അത്യാധുനിക തെറാപ്പികൾ, കസ്റ്റം കഢ ചികിത്സകൾ, ന്യൂട്രിഷ്യൻ ഫുഡ് ഫിറ്റ്നസ് പ്ലാനുകൾ എന്നിങ്ങനെ വ്യത്യസ്ത അടിസ്ഥാന ചികിത്സാ സങ്കേതങ്ങൾ ഇവിടെ നടപ്പിലാക്കുന്നുണ്ട്. റെഡ് ലൈറ്റ് തെറാപ്പി, ഇലക്ട്രോലൈറ്റ്സ്, ഇൻഫ്രാറെഡ് സൊനാ, കോൾഡ് പ്ലഞ്ച്, ഇലക്ട്രിക് മസ്സിൽ സ്റ്റിമുലേറ്റർ, പൾസ് ഇലക്ട്രോമാഗ്നെറ്റിക് ഫീൽഡ് മുതലായ അത്യാധുനിക തെറാപ്പികളും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനായി ആധുനികമായ സാങ്കേതിക സൗകര്യങ്ങളും ഉപകരണങ്ങളുമാണ് സജ്ജമാക്കിയിട്ടുള്ളത്. അതിൽ പലതും ഇന്ത്യയിൽ ആദ്യവുമാണെന്നും കമ്പനി അധികൃതർ വ്യക്തമാക്കുന്നു.




# പ്രീമിയം ടിവി സീരീസുകൾ പുറത്തിറക്കി സാംസങ്

**കൊച്ചി:** സാംസങ് 2024 ക്യുഎൽഇഡി 4കെ പ്രീമിയം ടിവി സീരീസുകൾ പുറത്തിറക്കി. 65990 രൂപ മുതലാണ് ഇന്ത്യൻ വിപണിയിലെ വില. ഒട്ടേറെ പ്രീമിയം ഫീച്ചറുകളുമായാണ് 2024 ക്യുഎൽഇഡി 4കെ പ്രീമിയം ടിവി സീരീസുകൾ എത്തിയിരിക്കുന്നത്.55,65,75 ഇഞ്ച് സൈസുകളിൽ 2024 ക്യുഎൽഇഡി 4കെ പ്രീമിയം ടിവി സീരീസുകൾ ലഭ്യമാണ്. ഉപഭോക്താക്കൾക്ക് നിലവിൽ സാംസങ്.കോം, ആമസോൺ.ഇൻ എന്നിവ ഉൾപ്പെടെയുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നിന്നും ഈ മോഡലുകൾ സ്വന്തമാക്കാമെന്ന് സാംസങ് ഇന്ത്യ, വിഷ്വൽ ഡിസ്പ്ലേ ബിസിനസ് സീനിയർ വൈസ് പ്രസിഡന്റ് മോഹൻദീപ് സിംഗ് പറഞ്ഞു.ക്വാണ്ടം പ്രൊസസർ ലൈറ്റ് 4കെയാണ് 2024 ക്യുഎൽഇഡി 4കെ പ്രീമിയം ടിവി സീരീസുകൾക്ക് ശക്തി പകരുന്നത്, ക്വാണ്ടം ഡോട്ട്, ക്വാണ്ടം എച്ച്ഡിആർ എന്നിവയോടുകൂടി ഏറ്റവും മികവുറ്റ ദൃശ്യങ്ങളും ഉപഭോക്താവിന് മുന്നിലെത്തുന്നു. ഹൈ റെസല്യൂഷൻ 4കെ കണ്ടന്റുകൾ ആസ്വദിക്കുവാൻ സാധിക്കുന്ന 4കെ അപ്സ്കെയിലിംഗ് ഫീച്ചറും കമ്പനി ഇതിൽ അവതരിപ്പിച്ചിട്ടുണ്ട്. ക്യു സിംഫണി സൗണ്ട് ടെക്നോളജി, ഡ്യുവൽ എൽഇഡി, ഗെയിമിംഗിനായി മോഷൻ എക്സ്ലേറ്റർ എന്നിങ്ങനെ ഫീച്ചറുകൾ ഇവയിൽ അണിനിരത്തിയിരിക്കുന്നു.

ദൃശ്യ, ശ്രാവ്യ മികവിനെ സംയോജിപ്പിച്ചുകൊണ്ടുള്ള ശക്തമായ ക്വാണ്ടം പ്രൊസസർ ലൈറ്റ് 4കെ പ്രൊസസറാണ് 2024 ക്യുഎൽഇഡി 4കെ ടിവി സീരീസുകളിലുള്ളത്. ക്വാണ്ടം എച്ച്ഡിആർ ഫീച്ചറും ദൃശ്യങ്ങൾ മികവുറ്റതാക്കുവാൻ സഹായിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

# പെരിയാറിലെ മത്സ്യനാശം: നിർദേശങ്ങൾ പരിശോധിച്ച് ഉചിത നടപടിയെന്ന് മുഖ്യമന്ത്രി

**തിരുവനന്തപുരം:** പെരിയാറിൽ കഴിഞ്ഞ മെയ് 20 ന് പ്രാഥമിക വിവരപ്രകാരം 13.56 കോടി രൂപയുടെ മത്സ്യനാശം ഉണ്ടായിട്ടുണ്ടെന്നും കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ അറിയിച്ചു.

വിഷയം സംബന്ധിച്ച് ടി ജെ വിനോദ് എം എൽ എയുടെ സബ്മിഷന് മറുപടി പറയുകയായിരുന്നു മുഖ്യമന്ത്രി.

ഏലൂർ ഫെറി ഭാഗത്ത് മത്സ്യങ്ങൾ ചത്തുപൊങ്ങിയ സംഭവത്തെ തുടർന്ന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സർവയലൻസ് സംഘം പരിശോധന നടത്തുകയുണ്ടായി.

വെള്ളത്തിന്റെ സാമ്പിൾ പരിശോധിച്ചതിൽ ഡിസോൾവ്ഡ് ഓക്സിജന്റെ അളവ് മത്സ്യങ്ങൾക്ക് ജീവിക്കുന്നതിന് ആവശ്യമായ അളവിലും കുറവായി കാണപ്പെട്ടു. മഴ ശക്തിപ്പെട്ടതിനെ തുടർന്ന് പാതാളം റെഗുലേറ്റർകംബ്രിഡ്ജിന്റെ ഷട്ടർ തുറന്നപ്പോൾ റെഗുലേറ്ററിന് മുകൾ വശത്തുനിന്ന് ഓക്സിജന്റെ അളവു കുറഞ്ഞ ജലം കൂടിയ അളവിൽ ഒഴുകിയെത്തിയതാണ് മത്സ്യനാശത്തിന് കാരണമായതെന്നാണ് പ്രാഥമിക അന്വേഷണത്തിലെ കണ്ടെത്തൽ.

പെരിയാറിന്റെ തീരത്തുനിന്നുള്ള ഫാക്ടറികളിൽ നിന്നും രാസമാലിന്യം ഒഴുക്കിവിട്ടതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിട്ടില്ല. പെരിയാർ നദിയിലേക്ക് പാഴ്ജലം ശുദ്ധീകരണത്തിനുശേഷം പുറംതള്ളുന്നതിന് അനുവദിച്ചിട്ടുള്ള 5 വ്യവസായശാലകളിൽ നിന്നും മലിനജലം പുറന്തള്ളുന്നതായി പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. ഏലൂർ, എടയാർ ഭാഗത്തുള്ള വ്യവസായ ശാലകളിൽ മലിനീകരണ നിയന്ത്രണ ബോർഡ് തുടർന്നുള്ള ദിവസങ്ങളിലും വിശദമായ പരിശോധന നടത്തിയിരുന്നു.മത്സ്യനാശം സംബന്ധിച്ച് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷൻ സ്റ്റഡീസിന്റെ റിപ്പോർട്ട് കൂടി ലഭ്യമായ ശേഷമേ മലിനീകരണ നിയന്ത്രണബോർഡ് വിശദമായ റിപ്പോർട്ട് സമർപ്പിക്കുകയുള്ളുവെന്നും മുഖ്യമന്ത്രി അറിയിച്ചു.

# അൾട്രോസ് റേസർ പുറത്തിറക്കി ടാറ്റ മോട്ടോഴ്സ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാഹന നിർമ്മാതാക്കളായ ടാറ്റ മോട്ടോഴ്സ്, കമ്പനിയുടെ പ്രീമിയം ഹാച്ച്ബാക്കിന്റെ സ്പോർട്ടി അവതാർ അൾട്രോസ് റെയ്സറിന്റെ ലോഞ്ച് പ്രഖ്യാപിച്ചു. 1.2 ലിറ്റർ ടർബോ പെട്രോൾ എഞ്ചിൻ അവതരിപ്പിക്കുന്നതോടെ അൾട്രോസിന്റെ പ്രകടനം നിരവധി മേഖലകളിൽ കൂടുതൽ ഉയരത്തിലേക്ക് കുതിയ്ക്കും. റേസ് കാറുകൾക്ക് സമാനമായ എക്സ്റ്റീരിയറും ഇന്റീരിയറും ഒപ്പം 120 പി.എസ് @ 5500 ആർ.പി.എം ഉം 170 എൻ.എം @ 1750 മുതൽ 4000 ആർ.പി.എം വരെ ടോർക്കും അടങ്ങിയ അൾട്രോസിന്റെ ഈ സ്പോർട്ടി പരിവർത്തനം ഒരോ ഡ്രൈവിലും ആനന്ദകരമായ ഒരു പുത്തൻ ഡ്രൈവിങ്ങ് അനുഭവം വാഗ്ദാനം ചെയ്യുന്നു.360 ഡിഗ്രി ക്യാമറ, 26.03 സെന്റീമീറ്റർ ഇൻഫൊടെയ്മെന്റ് ടച്ച് സ്ക്രീൻ, വെന്റിലേറ്റഡ് സീറ്റുകൾ, ആറ് എയർബാഗുകൾ (റേസറിലെ സ്റ്റാൻഡേർഡ്) എന്നിവയുള്ള അൾട്രോസിന്റെ ഏറ്റവും മികച്ച ഫീച്ചറുകൾ അടങ്ങിയതാണ് റേസർ. സിറ്റി ട്രാഫിക്കിലും ഹൈവേകളിലും പെപ്പി ഡ്രൈവബിലിറ്റി (കുറഞ്ഞ ആർ.പി.എമ്മിലും മികച്ച ടോർക്ക്) ഉറപ്പാക്കുന്ന ആറ് സ്പീഡ് മാനുവൽ ഗിയർബോക്സ് ഉള്ള ഒരേയൊരു ഹാച്ച്ബാക്ക് മോഡൽ കാർ ഇതാണ്. മെച്ചപ്പെട്ട സാങ്കേതികവിദ്യയും ഫീച്ചറുകളും ഹാച്ച് ബാക്കുകളിലെ ക്ലാസ് ലീഡിങ്ങ് സുരക്ഷയും ഉള്ള അൾട്രോസ് റെയ്സർ മൂന്ന് കളറുകളിലായി (പ്യുവർ ഗ്രേ, ആറ്റോമിക് ഓറഞ്ച്, അവന്യു വൈറ്റ്) മൂന്ന് വേരിയന്റുകളിൽ (ആർവൺ, ആർടു, ആർത്രീ) ലഭ്യമാകും. കൂടാതെ ടാറ്റാ മോട്ടോഴ്സ് അൾട്രോസ് നിരയെ മെച്ചപ്പെടുത്തി പുതിയ രണ്ട് വേരിയന്റുകളും അവതരിപ്പിക്കുകയും അൾട്രോസ് ശ്രേണിയിലെ ഒരു വേരിയന്റ് അപ്ഗ്രേഡ് ചെയ്യുകയും ചെയ്തു. ഈ പുതിയ രണ്ട് വേരിയന്റുകൾ പെട്രോൾ മാനുവൽ, പെട്രോൾ ഡി.സി.എ, ഡീസൽ, സി.എൻ.ജി പവർട്രെയിൻസ് എന്നിവയിൽ ലഭ്യമാകും



# സ്നേഹാലയ സിൽവർ25 ന്യൂട്രിക്കാപ്പ് പദ്ധതി അവതരിപ്പിച്ച് മുത്തൂറ്റ് മിനി

**കൊച്ചി:** മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് ബംഗളൂരുവിലെ സെൻറ് മേരീസ് സ്നേഹാലയ ഓപ്പർച്ച്യൂണിറ്റി സ്കൂളുമായി സഹകരിച്ച് 'സ്നേഹാലയ സിൽവർ25 ന്യൂട്രിക്കാപ്പ് പദ്ധതി' അവതരിപ്പിച്ചു. പ്രത്യേക പരിചരണം ആവശ്യമായ കുട്ടികൾക്ക് ആഴ്ചയിലൊരിക്കലെങ്കിലും പോഷകാഹാര സ്നാക്സ് നൽകുന്നതിനാണ് പദ്ധതി. സിൽവർ ജൂബിലി പരിപാടികളുടെ ഭാഗമായി സ്നേഹാലയ സ്കൂളിൽ നടന്ന ചടങ്ങിൽ ഈ പദ്ധതി ഉദ്ഘാടനം ചെയ്തു.ബംഗളൂരു മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് റസിഡൻറ് ഡയറക്ടർ സാറാമ്മ മാമ്മൻ, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് സീനിയർ സോണൽ മാനേജർ സനൽ കുമാർ സി, മുത്തൂറ്റ് മിനി ഫിനാൻസിയേഴ്സ് റീജിയണൽ മാനേജർ രഘു റാവു, സ്നേഹാലയ ഭാരവാഹികളായ പ്രസിഡൻറ് റവ. ഫാ.കൗമ റമ്പാൻ, വൈസ് പ്രസിഡൻറും കറസ്പോണ്ടൻറുമായ കെ. വി. ബേബി, ട്രഷറർ കെ. എം. ജോർജ്, സെക്രട്ടറി ഷിബു ജേക്കബ്, അഡ്മിനിസ്ട്രേറ്റർ റവ. ഫാ. പോൾ ബെന്നി എന്നിവർ ചേർന്ന് പദ്ധതിക്ക് തുടക്കം കുറിച്ചു.



ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്ന പദ്ധതികളെ പിന്തുണയ്ക്കുന്നതിൽ സന്തോഷമുണ്ടെന്നും സെൻറ് മേരീസ് സ്നേഹാലയ ഓപ്പർച്ച്യൂണിറ്റി സ്കൂളുമായുള്ള സഹകരണം ഇതിന്റെ നേർരേഖയാണെന്നും മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സ് മാനേജിംഗ് ഡയറക്ടർ മാത്യൂ മുത്തൂറ്റ് പറഞ്ഞു.

ഇത്തരം പ്രവൃത്തികൾ സമൂഹത്തിൽ പ്രകടമായ മാറ്റങ്ങൾ കൊണ്ടുവരും. പ്രത്യേക പരിചരണം വേണ്ട കുട്ടികളിൽ വലിയ മാറ്റങ്ങളാണ് ഇതിലൂടെ ഉണ്ടാകുന്നത്. കഴിഞ്ഞ കാലങ്ങളിൽ ജനങ്ങൾ തങ്ങളെ പിന്തുണച്ചത് പോലെ ജനങ്ങളെ തിരിച്ചും സേവിക്കാനുള്ള ഇത്തരം അവസരങ്ങൾ ഇനിയും പ്രയോജനപ്പെടുത്തുമെന്നും മാത്യൂ മുത്തൂറ്റ് പറഞ്ഞു.

ഇനിയും നൂറ് കണക്കിന് കുട്ടികൾക്ക് സഹായം എത്തിക്കുന്നതിനായി മുത്തൂറ്റ് മിനി ഫൈനാൻസിയേഴ്സിൻറെ സഹകരണം പ്രതീക്ഷിക്കുന്നുണ്ടെന്നും സെൻറ് മേരീസ് സ്നേഹാലായ ഓപ്പർച്ച്യൂണിറ്റി സ്കൂൾ പ്രസിഡൻറ് റവ. ഫാ. കൗമ റമ്പാൻ പറഞ്ഞു.

# വേൾഡ് ഇക്കണോമിക് ഫോറം:ടെക്നോളജി പാർട്ണർ ആയി എൻഎക്സ്ടിവേവ്

**തിരുവനന്തപുരം/കൊച്ചി:** 1700ലധികം ഐടി കമ്പനികളിൽ ജോലി നേടുന്നതിന് യുവാക്കൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകിയതു കണക്കിലെടുത്ത് പ്രമുഖ ഐടി സോഫ്റ്റ് വെയർ വിദ്യാഭ്യാസ സ്ഥാപനമായ എൻഎക്സ്ടിവേവിനെ വേൾഡ് ഇക്കണോമിക് ഫോറം അവരുടെ ടെക്നോളജി പാർട്ണർ 2024 ആയി അംഗീകരിച്ചു. കമ്പനി പരിശീലനം നൽകിയിട്ടുള്ളവരിൽ രാജ്യത്തെയും വിദേശങ്ങളിലേയും ഐടി ജീവനക്കാരിൽ വലിയ പങ്കായ മലയാളികളും ഏറെയുണ്ടെന്ന് സിഇഒ രാഹുൽ അറ്റുലൂരി പറഞ്ഞു. രാജ്യത്തെ മറ്റ് 12 സ്റ്റാർട്ടപ്പുകൾക്കൊപ്പമാണ് കമ്പനി ഈ അംഗീകാരം നേടിയത്. ഐഐടി ബോംബെ, ഐഐടി ഖരഗ്പൂർ, ഐഐഐടി ഹൈദരാബാദ് എന്നിവിടങ്ങളിലെ പൂർവവിദ്യാർഥികളായ ശശാങ്ക് റെഡ്ഡി ഗുജ്ജുല, അനുപം പെഡാർല, രാഹുൽ അറ്റുലൂരി എന്നിവർ ചേർന്നു തുടക്കമിട്ട എൻഎക്സ്ടിവേവ് രാജ്യത്തെ ഏറ്റവും മുൻനിര തൊഴിൽ സാധ്യതാ പ്ലാറ്റ്ഫോമാണ്. കഴിഞ്ഞ ഏതാനും വർഷങ്ങളായി അതിവേഗം വളരുന്ന സ്റ്റാർട്ടപ്പുകൾ മുതൽ ഫോർച്യൂൺ 500 ഭീമന്മാർ വരെയുള്ള കമ്പനികളിൽ ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് മികച്ച തൊഴിവലവസരങ്ങൾ നേടിക്കൊടുക്കുന്നതിൽ എൻഎക്സ്ടിവേവ് സൗകര്യമൊരുക്കിയിട്ടുണ്ടെന്ന് സിഇഒ രാഹുൽ അറ്റുലൂരി പറഞ്ഞു.കേരളത്തിൽ പ്രാദേശിക വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും ബിസിനസ്സുകളുമായുമുള്ള പങ്കാളിത്തങ്ങളിലൂടെ ഐടി തൊഴിലുകൾ നേടിക്കൊടുക്കുന്നതിൽ എൻഎക്സ്ടിവേവ് ഗണ്യമായ മുന്നേറ്റം നടത്തിയിട്ടുണ്ട്. വേൾഡ് ഇക്കണോമിക് ഫോറത്തിന്റെ അംഗീകാരം ലഭിച്ചതിന്റെ ഭാഗമായി ആഗോള തലത്തിലുള്ള ഒരു കൂട്ടം ഇന്നൊവേറ്റർമാരുടെ കമ്യൂണിറ്റിയിലും എൻഎക്സടിവേവ് അംഗമാകും.

# നഗരങ്ങളിൽ ഇൻഷുറൻസ് വരിക്കാരുടെ എണ്ണം കൂടുന്നതായി സർവേ

**കൊച്ചി:** രാജ്യത്ത് വിവിധ ഇൻഷുറൻസ് കവറേജുകളിൽ അംഗമാകുന്നവരുടെ എണ്ണം വർധിക്കുന്നതായി ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് നടത്തിയ സർവേയിൽ കണ്ടെത്തി. നഗര പ്രദേശങ്ങളിലുൾപ്പടെ ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് ഉപഭോക്താക്കളിൽ നടത്തിയ പഠനത്തിലാണ് ഈ കണ്ടെത്തൽ. പഠനപ്രകാരം, പ്രീമിയം സേവിങ്സ് അക്കൗണ്ടുകൾ ഉള്ള മെട്രോ ഇതര നഗരങ്ങളിലെ 42 ശതമാനം ഇടപാടുകാരും 10 ലക്ഷം രൂപ വരെയുള്ള അപകട ഇൻഷുറൻസിൽ അംഗങ്ങളായി. എന്നാൽ, മെട്രോ നഗരങ്ങളിലുള്ള 67 ശതമാനം ഇടപാടുകാരും സൗജന്യങ്ങളും മൂല്യവർദ്ധിത സേവനങ്ങളുമാണ് സേവിങ്സ് അക്കൗണ്ടുകളുടെ ഭാഗമായി പ്രതീക്ഷിക്കുന്നത്. വിമാനത്താവളത്തിലെ ലോഞ്ചിലേക്കുള്ള പ്രവേശനം സൗജന്യമാക്കണമെന്നും അഭിപ്രായമുണ്ട്.

രാജ്യമൊട്ടാകെയുള്ള 400ലധികം ശാഖകളിലാണ് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് സർവെ നടത്തിയത്. ഇടപാടുകാരെ നേരിട്ട് ബാധിക്കുന്ന പലവിധത്തിലുള്ള ചാർജുകളിൽ വലിയ ഉത്കണ്ഠയാണ് സർവേയിൽ രേഖപ്പെടുത്തിയത്. മെട്രോ നഗരങ്ങളിൽ ക്രെഡിറ്റ് കാർഡിലടക്കം ആനുകൂല്യങ്ങൾ വർധിപ്പിക്കാനും ഉപഭോക്താക്കൾ ആവശ്യപ്പെടുന്നു. ബാങ്കിങ്, ഇൻഷുറൻസ് സേവനങ്ങളിൽ തല്പരരായ ആളുകൾക്ക് അനുസൃതമായി ബാങ്കിങ് മേഖലയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തണമെന്നാണ് പഠനം തെളിയിക്കുന്നതെന്ന് ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക് എംഡിയും സിഇഒയുമായ ഇട്ടിര ഡേവിസ് പറഞ്ഞു.

# ഭക്തർക്ക് നേരെ ഭീകരാക്രമണം: ശക്തമായ നടപടി സ്വീകരിക്കണം: വിഎച്ച്പി

**കൊച്ചി:**ജമ്മു കശ്മീരിലെ വൈഷ്ണോ ദേവിക്ഷേത്രദർശനത്തിനു പോയ ഭക്തർക്കു നേരെ ആക്രമണം നടത്തിയ ഭീകരർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കണമെന്ന് വിശ്വഹിന്ദുപരിഷത്ത് സംസ്ഥാന അധ്യക്ഷൻ വിജി തമ്പി, ജനറൽ സെക്രട്ടറി വി ആർ രാജശേഖരൻ എന്നിവർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടു. ഭക്തർക്ക് നേരെ ഭീകരർ നടത്തിയ ആക്രമണം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. ഇക്കാര്യം ആവശ്യപ്പെട്ട് കേരളത്തിലെ 14 ജില്ലകളിലെയും കലക്ടർമാർ മുഖേന വിഎച്ച്പിയുടെ നേതൃത്വത്തിൽ രാഷ്ട്രപതിക്ക് നിവേദനം സമർപ്പിക്കും.ആക്രമണത്തിൽ മരിച്ച ഭക്തരോടുള്ള ആദരസൂചകമായി നാളെയും മറ്റന്നാളും (ജൂൺ 12, 13 തിയതികളിൽ) വിഎച്ച്പിയുടെ സംസ്ഥാനത്തെ മുഴുവൻ ജില്ലാ കാര്യാലയങ്ങളിലും അനുശോചന യോഗം ചേർന്ന് ആദാഞ്ജലികൾ അർപ്പിക്കുമെന്നും വിഎച്ച്പി നേതാക്കൾ വ്യക്തമാക്കി.

# എച്ച്എംഡി ആദ്യത്തെ ഫീച്ചർ ഫോണായ എച്ച്എംഡി 105 അവതരിപ്പിച്ചു

**കൊച്ചി:** നോക്കിയ ഫോൺ നിർമാതാക്കളായ എച്ച്എംഡി ആദ്യത്തെ ഫീച്ചർ ഫോൺ എച്ച്എംഡി 105 ഇന്ത്യയിൽ അവതരിപ്പിച്ചു. എച്ച്എംഡി ഫോണുകളുടെ മികവിനൊപ്പം സ്മാർട്ട്ഫോൺ ഇല്ലാതെ പോലും സുരക്ഷിതമായും തടസങ്ങളില്ലാതെയും യുപിഐ പേയ്മെന്റ് ഇടപാടുകൾ നടത്താൻ ഉപയോക്താക്കളെ പ്രാപ്തരാക്കുന്ന ഇൻബിൽറ്റ് യുപിഐ ആപ്ലിക്കേഷനുമായാണ് ഫോൺ വരുന്നത്. മികച്ച മൾട്ടിമീഡിയ ഫീച്ചറുകൾ, വോയ്സ് അസിസ്റ്റൻസ്, വലിയ ഡിസ്പ്ലേ എന്നിവയുമുണ്ടാവും. ഓട്ടോ കോൾ റെക്കോർഡിങ്, ഡ്യുവൽ എൽഇഡി ഫ്ലാഷ്, വയർഡ്‌വയർലെസ് എഫ്എം റേഡിയോ എന്നിവയുൾപ്പെടെയുള്ള ഏറ്റവും പുതിയ ഫീച്ചറുകളും എച്ച്എംഡി105ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ദീർഘമായ സ്റ്റാൻഡ്ബൈ സമയം ഉറപ്പാക്കി 1000 എംഎഎച്ച് ബാറ്ററിയോടെയാണ് ഫോൺ വരുന്നത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, പഞ്ചാബി, മറാഠി, ഗുജറാത്തി, ബംഗാളി, തമിഴ്, തെലുങ്ക് എന്നിവയുൾപ്പെടെ 9 ഭാഷകൾ എച്ച്എംഡി 105 പിന്തുണയ്ക്കും. ഒരു വർഷത്തെ റീപ്ലേസ്മെന്റ് ഗ്യാരന്റിയും എച്ച്എംഡി ഉറപ്പുനൽകുന്നു. ചാർക്കോൾ, പർപ്പിൾ, നീല എന്നീ മൂന്ന് നിറഭേദങ്ങളിൽ എച്ച്എംഡി 105 ഇന്ത്യയിൽ ലഭ്യമാകും. 999 രൂപയാണ് വില.

ആക്സസ് ചെയ്യാവുന്ന സാങ്കേതികവിദ്യ നൽകുന്നതിനുള്ള ഞങ്ങളുടെ പ്രതിബദ്ധത അടിവരയിടുന്നതാണ് പുതിയ എച്ച്എംഡി 105, എച്ച്എംഡി 110 ഡിവൈസുകളെന്ന് എച്ച്എംഡി ഗ്ലോബൽ ഇന്ത്യ ആൻഡ് എപിഎസി വൈസ് പ്രസിഡന്റ് രവി കുൻവാർ പറഞ്ഞു.



# കുഷാഖ് ഒണിക്സിൽ ഓട്ടോമാറ്റിക് ട്രാൻസ്മിഷിനുമായി സ്കോഡ

**കോട്ടയം:** സ്കോഡ ഓട്ടോ ഇന്ത്യ 5സ്റ്റാർ സേഫ് ഫ്ലീറ്റിൽ മെച്ചപ്പെടുത്തൽ നടപ്പിലാക്കി കുഷാഖ് ഓണിക്സ് എ.ടി അവതരിപ്പിച്ചു. ഏറ്റവും പുതിയ ഉപഭോക്തൃ ഫീഡ്ബാക്ക് അടിസ്ഥാനമാക്കി സ്കോഡ ഓട്ടോ ഇന്ത്യ ഇപ്പോൾ ഓട്ടോമാറ്റിക് ട്രാൻസ്മിഷൻ നിരവധി പുതിയഫീച്ചറുകളാൽ കുഷാഖ് ഓണിക്സിനെ കൂടുതൽ മെച്ചപ്പെടുത്തി സെഗ്മെന്റിലെ ഏറ്റവും താങ്ങാനാവുന്ന ഓട്ടോമാറ്റിക് ആക്കി മാറ്റിയതായി സ്കോഡ ഓട്ടോ ഇന്ത്യ, ബ്രാൻഡ് ഡയറക്ടർ.

പെറ്റർ ജനീബ പറഞ്ഞു. ഓണിക്സ് എ.ടിയ്ക്ക് കൂടുതൽ ശ്രദ്ധേയമായ അപ്ഡേറ്റുകൾ ലഭിക്കുന്നുണ്ട്. കൂട്ടിച്ചേർക്കലുകളുടെ പട്ടികയിൽ ഒന്നാമത് ഹിൽ ഹോൾഡ് കൺട്രോളും പാഡിൽ ഷിഫ്റ്ററുകളും ആണ്. ഡ്രൈവർക്ക് ഇപ്പോൾ ഒരു ക്രോം സ്ക്രോളറോടു കൂടിയ 2സ്പോക്ക്, മൾട്ടിഫങ്ഷൻ, ലെതർ സ്റ്റിയറിംഗ് വീൽ ലഭിക്കുന്നു.




ക്യാബിനിൽ ടച്ച് പാനലോടുകൂടിയ സ്കോഡയുടെ ക്ലൈമാറ്റ്ട്രോണിക് ലഭിക്കുന്നു, ഓനിക്സ് എ.ടിയിൽ സ്റ്റാൻഡേർഡായി ആറ് എയർബാഗുകളുടെ ലഭ്യതയാണ്പ്രൊഡക്ട് അപ്ഡേറ്റിലെ ഏറ്റവും പുതിയത്. സ്കോഡ ഓട്ടോ ഇന്ത്യയുടെ കഴിവ് തെളിയിക്കപ്പെട്ട 1.0 ടി.എസ്.ഐ ടർബോചാർജ്ഡ് ത്രീസിലിണ്ടർ പെട്രോൾ എഞ്ചിനാണ് ഓനിക്സ് എ.ടിയ്ക്ക് കരുത്തേകുന്നത്. ഇത് 85 kW (115 ps) ശക്തിയും 178 Nm ടോർക്കും സൃഷ്ടിക്കുന്നു, കൂടാതെ ആറ് സ്പീഡ് ഓട്ടോമാറ്റിക് ട്രാൻസ്മിഷനുമായി ഇണചേരുന്നു.

ഗ്ലോബൽ ന്യൂ കാർ അസസ്മെന്റ് പ്രോഗ്രാം ക്രാഷ് 2022 ഒക്ടോബറിൽ കുഷാഖ്നെ അതിന്റെ പുതിയതും കർശനവുമായ പ്രോട്ടോക്കോളുകൾക്ക് കീഴിൽ പരീക്ഷിക്കുകയുണ്ടായി. മുതിർന്ന

യാത്രക്കാരുടെ സുരക്ഷയുടെ കാര്യത്തിൽ 34ൽ 29.64 പോയിന്റും കുട്ടികളുടെ സുരക്ഷയ്ക്കായുള്ള സാധ്യമായ 49 പോയിന്റിൽ 42 പോയിന്റും എസ്.യു.വി നേടുകയുണ്ടായി.

മുതിർന്നവരുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള ഫുൾ ഫൈവ് സ്റ്റാർ നേടിയ ആദ്യത്തെ മെയ്ഡ്ഇൻഇന്ത്യ കാറാണ് കുഷാഖ്. കുഷാഖ് ഒണിക്സ് 1.0 ടിഎസ്ഐ എറ്റിയ്ക്ക് 13,49,000 രൂപയാണ് എക്സ് ഷോറും വില.



# വെഡ്ഡിംഗ് ഡെസ്റ്റിനേഷൻ ആകാൻ ഒരുങ്ങി ദുബായ്

**കൊച്ചി:** ജീവിതയാത്ര ആരംഭിക്കുന്ന ദമ്പതികൾക്ക് പുതുജീവിതം തുടങ്ങാൻ ആകർഷകമായ വേദികൾ വാഗ്ദാനം ചെയ്തുകൊണ്ട് ദുബായ് നഗരം. ദുബായ് ടൂറിസവും ദുബൈയിലെ പ്രധാന ഹോട്ടലുകളും ചേർന്നാണ് നവദമ്പതികൾക്ക് ഈ സൗകര്യം ഒരുക്കുന്നത്.

ദുബായ് നഗരത്തെ ഒരു പ്രധാന അന്താരാഷ്ട്ര വിവാഹ ഡെസ്റ്റിനേഷൻ ആക്കാനുള്ള ദുബായ് ടൂറിസത്തിന്റെ ശ്രമത്തിന്റെ ഭാഗമായാണ് പ്രമുഖ ഹോട്ടലുകളോട് ഒത്തുചേർന്നു ഓഫറുകൾ പ്രഖ്യാപിച്ചിട്ടുള്ളത്. ബീച്ച് റിസോർട്ടുകൾ മുതൽ നഗര പ്രതാപം വരെ, ദമ്പതികളുടെ തനതായ മുൻഗണനകളും ആഗ്രഹങ്ങളും നിറവേറ്റുന്ന വൈവിധ്യമാർന്ന നിരവധി വിവാഹ ലക്ഷ്യസ്ഥാനങ്ങൾ ദുബൈയിൽ ഉണ്ട്.

വിവാഹ ആഡംബരത്തിന്റെ പ്രതിരൂപമായ ദുബായ് അറ്റ്ലാന്റിസ് ദി റോയൽ, ജുമൈറ ബീച്ചിലെ ഫോർ സീസൺസ് റിസോർട്ട്, പാം ജുമൈറയുടെ സമൃദ്ധമായ ലാൻഡ്സ്കേപ്പുകളുടെ പശ്ചാത്തലത്തിൽ സ്ഥിതി ചെയ്യുന്ന ദി പാം, പാം ജുമൈറയുടെ അതിമനോഹരമായ തീരത്ത് മനോഹരമായി സ്ഥിതി ചെയ്യുന്ന റിക്സോസ് ദി പാം ദുബായ് ഹോട്ടൽ & സ്യൂട്ടുകൾ, നിക്കി ബീച്ച് റിസോർട്ട് & സ്പാ, അന്താര ഡൗൺടൗൺ, അൽ സീഫ് ഹെറിറ്റേജ് ഹോട്ടൽ എന്നീ ഹോട്ടലുകളാണ് ദുബായ് ടൂറിസവുമായി സഹകരിച്ചു വിവാഹ വേദികൾ വാഗ്ദാനം ചെയ്യുന്നത്.

# എല്ലാ കായിക മൽസരങ്ങളും കാണാനായി വി മൂവീസ് ആൻഡ് ടിവി ആപ്പ്

**കൊച്ചി:** ഈ സീസണിലെ ഐസിസി മെൻസ് ടി20 ലോക കപ്പും യൂറോ കപ്പും കോപ്പ അമേരിക്കയും ഉൾപ്പെടെയുള്ള കായിക മൽസരങ്ങൾ ഒരൊറ്റ സബ്സ്ക്രിപ്ഷനിലൂടെ കാണാൻ അവസരമൊരുക്കി വി മൂവീസ് ആൻറ് ടിവി ആപ്പ്. ഇതിനു പുറമെ ഡിസ്നി ഹോട്ട്സ്റ്റാർ, സോണി ലിവ് തുടങ്ങിയവ ലളിതമായി ലഭ്യമാക്കുന്ന ബണ്ടിൽഡ് സബ്സ്ക്രിപ്ഷനുകളും വി അവതരിപ്പിച്ചിട്ടുണ്ട്. പോസ്റ്റ് പെയ്ഡിൽ പ്രതിമാസം 199 രൂപയ്ക്കും പ്രീ പെയ്ഡിൽ 202 രൂപയ്ക്കും വി മൂവീസ് ആൻറ് ടിവി പ്രോ പ്ലാനിൽ സൗകര്യപ്രദമായി ഒടിടികൾ ലഭിക്കും. ടി20 ലോകകപ്പ് ഡിസ്നി ഹോട്ട്സ്റ്റാറിലും യൂറോ കപ്പ്, കോപ്പ അമേരിക്കയ്ക്കുള്ള ഫാൻ കോഡ് സോണി ലിവിലും ലഭിക്കും. ടിവി, ആൻഡ്രോയ്ഡ്, ഐഒഎസ് മൊബൈൽ, വെബ് എന്നിവിടങ്ങളിൽ ഇതു ലഭിക്കുകയും ചെയ്യും. 13ൽ ഏറെ ഒടിടി പ്ലാറ്റ്ഫോമുകൾ, 400ൽ ഏറെ ടിവി ചാനലുകൾ, 15000ത്തിൽ ഏറെ മൂവികൾ തുടങ്ങിയവ ഈ സബ്സ്ക്രിപ്ഷനിലൂടെ ലഭിക്കും വി ഉപഭോക്താക്കൾക്ക് മൂന്നു മാസത്തേക്കുള്ള ഡിസ്നി ഹോട്ട്സ്റ്റാർ മൊബൈൽ സബ്സ്ക്രിപ്ഷനും 30 ദിവസ കാലാവധിയുള്ള 8 ജിബി ഡാറ്റയും 169 രൂപയ്ക്ക് ലഭിക്കും. ടി 20 ലോകകപ്പ് ഫോണിൽ ലഭ്യമാക്കാൻ ഇതു സഹായകമാകുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.സോണി ലിവ് ബണ്ടിൽഡ് വഴി 903 രൂപ പ്ലാനിൽ 90 ദിവസത്തെ സോണി ലിവ് പ്രീമിയം മൊബൈലും പ്രതിദിനം 2 ജിബി ഡാറ്റയും പരിധിയില്ലാത്ത കോളുകളും ലഭിക്കും. 369 രൂപ പ്ലാനിൽ 30 ദിവസത്തെ സബ്സ്ക്രിപ്ഷനാവും ഇങ്ങനെ ലഭിക്കുക. 82 രൂപ പ്ലാനിൾ സോണി ലിവ് പ്രീമിയം മൊബൈലിൻറെ 28 ദിവസ സബ്സ്ക്രിപ്ഷനും 14 ദിവസത്തേക്ക് 4 ജിബി ഡാറ്റയും ലഭിക്കും.പോസ്റ്റ് പെയ്ഡിൽ ക്രിക്കറ്റ് പ്രേമികൾക്കായി 499 രൂപയ്ക്ക് ഒരു വർഷത്തെ ഡിസ്നി ഹോട്ട്സ്റ്റാർ മൊബൈൽ സബ്സ്ക്രിപ്ഷനും 20 ജിബി ഡാറ്റയും ലഭിക്കും. ഫുട്ബോൾ ആരാധകർക്കു സൗകര്യപ്രദമായ രീതിയിൽ 100 രൂപ പ്രതിമാസത്തിൽ സോണി ലിവ് പ്രീമിയം (ടിവിയും മൊബൈലും) 10ജിബി ഡാറ്റയും ലഭിക്കും.

# ഐഐടി മദ്രാസ് ബി.ടെക് പാഠ്യപദ്ധതി പരിഷ്കരിച്ചു

**കൊച്ചി:** ഐഐടി മദ്രാസ് ബി.ടെക് പാഠ്യപദ്ധതി പുനരാവിഷ്ക്കരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് കരിക്കുലം ടാസ്ക് ഫോഴ്സിൻറെ ശുപാർശകൾ പ്രകാരമാണ് ഈ മാറ്റങ്ങൾ നടപ്പിൽ വരുത്തിയത്. പുതിയ പാഠ്യപദ്ധതി വിദ്യാർത്ഥികൾക്കു അക്കാദമിക് ഫ്ലെക്സിബിലിറ്റിയും സംരംഭകത്വ അവസരങ്ങളും വർദ്ധിപ്പിക്കുന്നുവെന്ന് ഐ ഐ ടി മദ്രാസ് അധികൃതർ വ്യക്തമാക്കി.

പരിഷ്കരിച്ച പാഠ്യപദ്ധതി ഇൻറർ ഡിസിപ്ലിനറി ലേണിംഗ് സാധ്യതകൾ വർധിപ്പിക്കുന്നതിനു പുറമെ ബി.ടെക് പ്രോഗ്രാമിൻറെ രണ്ടാം വർഷം മുതൽ ഹാൻഡ്സ്ഓൺ പ്രോജക്ടുകൾക്കും സംരംഭകത്വത്തിനും അവസരങ്ങൾ ലഭ്യമാക്കുന്നു.വിദ്യാർത്ഥികളുടെയും പൂർവ്വവിദ്യാർത്ഥികളുടെയും നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ബി.ടെക്കിലെ മൊത്തം ക്രെഡിറ്റുകളുടെ എണ്ണത്തിൽ മാറ്റം വരുത്തി. അതിൻറെ ഫലമായി പഠന സമയം 436 മണിക്കൂറിൽ നിന്നും 400 ആയി കുറച്ചു. പ്രൊഫഷണൽ, സംരംഭകത്വ സാധ്യതകൾ കണ്ടെത്താൻ അത് വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരം നൽകും. പുതിയ പരിഷ്കരണത്തിന്റെ ഫലമായി വിദ്യാർത്ഥികൾക്ക് ബ്രാഞ്ച് മാറാനുള്ള ഓപ്ഷൻ ഇല്ലാതായി. ഇതിനു പകരമായി 'ഏർലി എക്സിറ്റ്' ഓപ്ഷൻ നിലവിൽ വന്നു. ഐഐടി മദ്രാസ് 5 വർഷത്തെ ബി.ടെക് പ്രോഗ്രാമിനൊപ്പം എം.ടെക്കും ഓഫർ ചെയ്യുന്നുണ്ട്. നാനോടെക്നോളജി, ഡാറ്റാ സയൻസ്, ഇലക്ട്രിക് വെഹിക്കിൾസ് എന്നിങ്ങനെയുള്ള മികച്ച മേഖലകളിലെ ഇൻറർഡിസിപ്ലിനറി ഡിഗ്രികളും ലഭ്യമാണ്. ബി.ടെക് പ്രോഗ്രാമുകളോടൊപ്പം ഈ ഡിഗ്രികളും പഠിക്കാവുന്നതാണെന്നും അധികൃതർ വ്യക്തമാക്കി.

# ടാറ്റ പ്ലേ അവതരിപ്പിക്കുന്നു അനിമെ ലോക്കൽ

**കൊച്ചി :**ഇന്ത്യയിലെ പ്രേക്ഷകരിലേക്ക് മികച്ച ജാപ്പനീസ് ആനിമേഷൻ എത്തിക്കുന്ന, ടാറ്റ പ്ലേ അനിമേ ലോക്കൽ അവതരിപ്പിച്ചു. എല്ലാ ടാറ്റ പ്ലേ വരിക്കാർക്കും ഹിന്ദി, തമിഴ്, മലയാളം എന്നീ മൂന്ന് ഭാഷകളിൽ പരസ്യരഹിത സേവനം ലഭ്യമാണ്. ഈ സേവനം പോർട്ടബിൾ, ഓൺ ദി മൂവ്, കാഴ്ചക്കായി, ടാറ്റ പ്ലേ മൊബൈൽ ആപ്പിലും ലഭ്യമാകുമെന്ന് അധികൃതർ അറിയിച്ചു.




# ഗഗനചാരി 21ന്

ഗോകുൽ സുരേഷ്, അജു വർഗ്ഗീസ്, കെ ബി ഗണേഷ് കുമാർ എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി അരുൺ ചന്ദു സംവിധാനം ചെയ്യുന്ന സയൻസ് ഫിക്ഷൻ കോമഡി ചിത്രമായ ഗഗനചാരി ജൂൺ ഇരുപത്തിയൊന്നിന് പ്രദർശനത്തിനെത്തുന്നു.അജിത് വിനായക ഫിലിംസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിൽ അനാർക്കലി മരിയ്ക്കാർ നായികയാവുന്നു. സാജൻ ബേക്കറിക്ക് ശേഷം അരുൺ ചന്ദു ഒരുക്കുന്ന ഈചിത്രത്തിന്റെ ഛായാഗ്രഹണം സുർജിത്ത് എസ് പൈ നിർവഹിക്കുന്നു.സംവിധായകൻ പ്രിയദർശന്റെ അസിസ്റ്റന്റ് ഡയറക്ടർ ശിവ സായി, സംവിധായകൻ അരുൺ ചന്ദു എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണമെഴുതുന്നു.അങ്കമാലി ഡയറീസ്, അനുരാഗ കരിക്കിൻ വെള്ളം, ജല്ലിക്കട്ട് എന്നീ ചിത്രങ്ങൾക്ക് ശേഷം പ്രശാന്ത് പിള്ള സംഗീതം പകരുന്ന ചിത്രമാണ് ഗഗനചാരി.

ചിത്രസംയോജനം അരവിന്ദ് മന്മദൻ, സീജേ അച്ചു. സ്റ്റണ്ട് മാസ്റ്റർ ഫിനിക്സ് പ്രഭുവാണ് ആക്ഷൻ ഡയറക്ടർ. വി. എഫ്. എക്സിന് പ്രാധാന്യമുള്ള ഈ ചിത്രത്തിന്റെ ഗ്രാഫിക്സ് മെറാക്കി സ്റ്റുഡിയോസ് ഒരുക്കുന്നു. പ്രൊഡക്ഷൻ കൺട്രോളർ സജീവ് ചന്തിരൂർ, ഗാനരചന വിനായക് ശശികുമാർ, കോസ്റ്റ്യൂം ഡിസൈനർ ബുസി ബേബി ജോൺ, കലാസംവിധാനം എം ബാവ, മേക്കപ്പ് റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ടർ വിഷ്ണു അരവിന്ദ്, അസോസിയേറ്റ് ഡയറക്ടർ അഖിൽ സി തിലകൻ, അസിസ്റ്റന്റ് ഡയറക്ടർമാർ അജിത് സച്ചു, കിരൺ ഉമ്മൻ രാജ്, ലിതിൻ കെ ടി, അരുൺ ലാൽ, സുജയ് സുദർശൻ, സ്റ്റിൽസ് രാഹുൽ ബാലു വർഗീസ്, പ്രവീൺ രാജ്. ക്രിയേറ്റീവ്സ് അരുൺ ചന്തു, മ്യൂറൽ ആർട്ട് ആത്മ,പി ആർ ഒഎ എസ് ദിനേശ്.

# കർണിക സെക്കന്റ് ലുക്ക് പോസ്റ്റർ




ഏരീസ് ടെലികാസ്റ്റിംഗ് പ്രൈവറ്റ് ലിമിറ്റഡിന്റെ ബാനറിൽ അഭിനി സോഹൻ നിർമിച്ച് നവാഗതനായ അരുൺ വെൺപാല കഥയും, സംവിധാനവും, സംഗീത സംവിധാനവും നിർവഹിക്കുന്ന ഹൊറർ ഇൻവെസ്റ്റിഗേഷൻ ചിത്രം 'കർണിക' യുടെ സെക്കന്റ് ലുക്ക് പോസ്റ്റർ റിലീസ് ചെയ്തു. സോഹൻ റോയ് ആണ് ചിത്രത്തിന്റെ പ്രോജക്ട് ഡിസൈനർ. ഈ ചിത്രത്തിലെ ഒരു പാട്ടിന്റെ രചനയും അദ്ദേഹം നിർവഹിച്ചിട്ടുണ്ട്. പ്രിയങ്ക നായരാണ് ചിത്രത്തിലെ കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നത് .വിയാൻ മംഗലശ്ശേരിയാണ് മറ്റൊരു മുഖ്യ കഥാപാത്രത്തെ അവതരിപ്പിക്കുന്നത്. കൂടാതെ ടി ജി രവിയും ഇതിൽ ഒരു പ്രധാന കഥാപാത്രമായെത്തുന്നു. ഈ സിനിമയിലൂടെ ആധവ് റാം എന്ന പുതുമുഖ നായകനെ മലയാളികൾക്ക് മുൻപിലേക്ക് പരിചയപ്പെടുത്തുന്നു. കൂടാതെ സമൂഹ മാധ്യമങ്ങളിലൂടെ ശ്രദ്ധേയരായ ശ്രീകാന്ത് ശ്രീകുമാർ , ഗോകുൽ.കെ.ആർ , ഐശ്വര്യ വിലാസ് എന്നിങ്ങനെ ഒരു പിടി നവാഗതരും ഈ ചിത്രത്തിൽ അണിനിരക്കുന്നു .ഒറ്റപ്പാലം , കണ്ണൂർ , എറണാകുളം എന്നിവിടങ്ങളിൽ ആയിരുന്നു സിനിമയുടെ ചിത്രീകരണം നടന്നത്.

ഡി ഒ പി : അശ്വന്ത് മോഹൻ,ബിജിഎം: പ്രദീപ് ടോം,ഗാനരചന : ധന്യ സ്റ്റീഫൻ, വിക്ടർ ജോസഫ്, അരുൺ വെൺപാല,പ്രോജക്ട് മാനേജർ : ജോൺസൺ ഇരിങ്ങോൾ,ക്രിയേറ്റീവ് ഹെഡ് : ബിജു മജീദ്, ഫിനാൻസ് കൺട്രോളർ : സജീഷ് മേനോൻ,ആർട്ട് : രാകേഷ് നടുവിൽ,മേക്കപ്പ് : അർഷാദ് വർക്കല,കോസ്റ്റ്യൂംസ്: ഫെമിന ജബ്ബാർ, മറിയ കുമ്പളങ്ങി, ആക്ഷൻ അഷ്റഫ് ഗുരുക്കൾ.പി ആർ ഓ: എം കെ ഷെജിൻ.

# രാജേഷ് മാധവൻ,അജയ് കുമാർ ചിത്രം തുടങ്ങി




രാജേഷ് മാധവൻ,ദിൽഷാന,അൻവർ ഷരീഫ്,രാജ്ബാൽ,ശ്രവണ,നാദിറ,അമ്പിളി അമ്പാലി എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കി നവാഗതനായ അജയ് കുമാർ സംവിധാനം ചെയ്യുന്ന പുതിയ ചിത്രത്തിന്റെ ചിത്രീകരണം തലശ്ശേരിയിൽ ആരംഭിച്ചു. സിതാര കൃഷ്ണകുമാർ, സുരേഷ് തിരുവാലി,ഉണ്ണികൃഷ്ണൻ നെല്ലിക്കാട്,ഒമർ ഫാറൂഖ്,ലീനസ്,നസ്റിൻ,റിഗിന വിശാൽ,റാഗിഷ,വേദജ,മേദജ,പരപ്പു,ഏയ്ഥൻ ജിബ്രിൽ,അനഘ,മിഥില രഞ്ജിത്,അമീന,ബയ്സി,കെ.കെ,സജീഷ്,ലത സതീഷ്,സിജോ,രേഷ്മ രവീന്ദ്രൻ,ഭാഗ്യ ജയേഷ്, ആൽഡ്രിൻ,അനിൽ മങ്കട,ഷുക്കൂർ പടയങ്ങോട്,റഹീം ചെറുകോട്,നിരഞ്ജൻ തുടങ്ങിയവരാണ് മറ്റു കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.'ഇനി ഉത്തരം' എന്ന ചിത്രത്തിനു ശേഷം എ വി മൂവീസിന്റെ ബാനറിൽ അരുൺ,വരുൺ എന്നിവർ ചേർന്ന് നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം കണ്ണൻ പട്ടേരി നിർവഹിക്കുന്നു.അജയ് കുമാർ,മുനീർ മുഹമ്മദുണ്ണി എന്നിവർ ചേർന്ന് തിരക്കഥ സംഭാഷണം എഴുതുന്നു.അനിൽ മങ്കട എഴുതിയ വരികൾക്ക് ബിജിബാൽ സംഗീതം പകരുന്നു.എഡിറ്റിംഗ്നിഷാദ് യൂസഫ്.പ്രൊഡക്ഷൻ കൺട്രോളർ ജിനു പി കെ,കലജയൻ ക്രയോൺ,മേക്കപ്പ് ജിതേഷ് പൊയ്യ,കോസ്റ്റ്യൂംസ് ഗഫൂർ,സ്റ്റിൽസ്രാഗേഷ്, സൗണ്ട് ഡിസൈൻരങ്കനാഥ് രവി, ചീഫ് അസോസിയേറ്റ് ഡയറക്ടർജിജേഷ് ഭാസ്കർ, പ്രൊജക്റ്റ് ഡിസൈൻരഞ്ജിത് ഉണ്ണി, മുനീർ മുഹമ്മദുണ്ണി,അൻവർ ഷെറീഫ്, മാർക്കറ്റിംഗ് ആന്റ് ബ്രാൻഡിംഗ്റാബിറ്റ് ബോക്സ് ആഡ്സ്,പ്രൊഡക്ഷൻ എക്സിക്യൂട്ടിവ്റിനോയ് ചന്ദ്രൻ,പ്രൊഡക്ഷൻ മാനേജർ അനസ് ഫൈസാൻ,അക്ഷയ് മനോജ്,പി ആർ ഒഎ എസ് ദിനേശ്.

# അക്കുവിന്റെ പടച്ചോൻ സൈന പ്ലേ ഒടിടിയിൽ

മികച്ച പരിസ്ഥിതി ചിത്രത്തിനുള്ള നിരവധി അംഗീകാരങ്ങൾ നേടിയ അക്കുവിന്റെ പടച്ചോൻ എന്ന സിനിമ സൈന പ്ലേ ഒടിടിപ്ലേറ്റ്ഫോർമിൽ റിലീസായി. വിനായക്, പാർഥിവ്, ഹൃദ്യ, വിനോദ് കോവൂർ,എന്നിവരെ പ്രധാന കഥാപാത്രങ്ങളാക്കിമുരുകൻ മേലേരി തിരക്കഥ, സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ചിത്രമാണ് അക്കുവിന്റെ പടച്ചോൻ .മാമുക്കോയ,ശിവജി ഗുരുവായൂർ, ശ്രീജിത്ത് കൈവേലി, മഞ്ജുഷ വിജീഷ്, അമ്പിളി, പ്രദീപ് ബാലൻ,ഷാഹിർ ഷാനവാസ്, ദേവദാസ്, ദാസ് മലപ്പുറം, റസാഖ്, കുമാരി, റഫീക്ക്, ദേവ സൂര്യ തുടങ്ങിയവരാണ് മറ്റു പ്രധാന താരങ്ങൾ.വിനായകനന്ദ സിനിമാസിന്റെ ബാനറിൽ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ഛായാഗ്രഹണം സിജോ കെ ജോസ് നിർവ്വഹിക്കുന്നു.ജയകുമാർ ചെങ്ങമനാട്, അഷ്റഫ് പാലപ്പെട്ടി എന്നിവർ എഴുതിയ വരികൾക്ക് നടേശങ്കർ,സുരേഷ് പെട്ട, ജോയ് മാധവൻ തുടങ്ങിയവർ സംഗീതം പകരുന്നു.പി ജയചന്ദ്രൻ, എടപ്പാൾ വിശ്വനാഥൻ,പാർഥിവ് വിശ്വനാഥ് എന്നിവരാണ് ഗായകർ.പശ്ചാത്തല സംഗീതം ഔസേപ്പച്ചൻ,എഡിറ്റിംഗ് ജോമോൻ സിറിയക്.പ്രൊഡക്ഷൻ കൺട്രോളർ റാഫി,കല ഗ്ലാട്ടൺ പീറ്റർ,മേക്കപ്പ് എയർപോർട്ട് ബാബു,വസ്ത്രാലങ്കാരം അബ്ബാസ് പാണാവള്ളി,സ്റ്റിൽസ് അബിദ് കുറ്റിപ്പുറം,കളറിസ്റ്റ് അലക്സ്,അസ്സോസിയേറ്റ് ഡയറക്ടർ ജയേന്ദ്രശർമ,ഫിനാൻസ് കൺട്രോളർ ജിജോ കെ ജോയ്,സൗണ്ട് എഫക്ട്സ് ഷൈജു കോഴിക്കോട്, സൗണ്ട് മിക്സിംഗ ജിയോ പയസ്,ഡി ഐ അലക്സ് വർഗീസ്,പ്രൊഡക്ഷൻ മാനേജർ പ്രതാപൻ,പി ആർ ഒഎ എസ് ദിനേശ്.




# മത്ത് ജൂൺ 21ന്

സൈക്കോ ക്രൈംഡ്രാമ ശ്രേണിയിലെ വരുന്ന മത്ത് എന്ന ചിത്രം ജൂൺ 21ന് തീയറ്ററിൽ എത്തുന്നു. ആദ്യഗാനം പുറത്തിറങ്ങി.സങ്കീർണമായതും നിഗൂഢത നിറഞ്ഞതുമായ നരൻ എന്ന കഥാപാത്രത്തെ ചിത്രത്തിൽ ടിനി ടോം അവതരിപ്പിക്കുന്നു. രഞ്ജിത്ത് ലാൽ തിരക്കഥ എഴുതി സംവിധാനം ചെയ്ത ചിത്രത്തിലെ ആദ്യഗാനം റിലീസായി. നടി മഞ്ജു വാര്യരുടെ സോഷ്യൽ മീഡിയ പേജ് മുഖേനയാണ് ഗാനം പുറത്തിറങ്ങിയത്. സിനിമ ഫാക്ടറിയുടെ ബാനറിൽ കെ പി അബ്ദുൽ ജലീൽ നിർമ്മിക്കുന്ന ചിത്രമാണിത്.ടിനിടോമിനെ കൂടാതെ, സന്തോഷ് കീഴാറ്റൂർ, ഹരി ഗോവിന്ദ്സഞ്ജയ്, ഐഷിക, ബാബു അന്നൂർ,അശ്വിൻ, ഫൈസൽ, യാര,സൽമാൻ, ജസ്ലിൻ, തൻവി,അപർണ, ജീവ,അർച്ചന തുടങ്ങിയവരും അഭിനയിക്കുന്നു. സിബി ജോസഫ് ഛായഗ്രഹണം നിർവഹിക്കുന്നു. എഡിറ്റർ മെൻഡോസ് ആന്റണി.

അജി മുത്തത്തിൽ, ഷംന ചക്കാലക്കൽ എന്നിവരുടെ വരികൾക്ക് സക്കറിയ ബക്കളം,റൈഷ് മെർലിൻ എന്നിവർ സംഗീതം പകരുന്നു. പശ്ചാത്തല സംഗീതം മണികണ്ഠൻ അയ്യപ്പ..പ്രൊഡക്ഷൻ കൺട്രോളർ ദിലീപ് ചാമക്കാല. പ്രോജക്ട് ഡിസൈനർ അജി മുത്തത്തി. പ്രൊഡക്ഷൻ കോഡിനേറ്റർ പ്രശോഭ്പയ്യന്നൂർ . കല ത്യാഗു തവനൂർ. മേക്കപ്പ് അർഷാദ് വർക്കല, വസ്ത്രാലങ്കാരം കുക്കു ജീവൻ. സ്റ്റിൽസ് ഈകുഡ്സ് രഘു. പരസ്യകല അതുൽ കോൾഡ് ബ്രിവു.ചീഫ് അസോസിയറ്റ് ഡയറക്ടർ മനോജ് കുമാർ സി എസ്. അസോസിയേറ്റ് ഡയറക്ടർ രതീഷ് കൃഷ്ണ. അസിസ്റ്റന്റ് ഡയറക്ടേഴ്സ് രാഹുൽ,അജേ ഷ്. ഡി ഐ ലിജു പ്രഭാകർ. ഫിനാൻസ് കൺട്രോളർ ശ്രീജിത്ത് പൊങ്ങാടൻ. വി എഫ് എക്സ് ബേബി തോമസ്.ആക്ഷൻ അഷ്റഫ് ഗുരുക്കൾ.സൗണ്ട് ഡിസൈൻസ് രാജേഷ്. സൗണ്ട് മിക്സിങ് ഗണേഷ് മാരാർ . 72 ഫിലിം കമ്പനി ജൂൺ 21ന് തിയേറ്ററുകളിലെത്തിക്കുന്നു.പി ആർ ഒ എം കെ ഷെജിൻ.



# കൊടും ചൂട് തിരിച്ചടിയായി; മെയ് മാസത്തിൽ ചരക്ക് നീക്കത്തിൽ വൻ ഇടിവ്

**കൊച്ചി:** കടുത്ത വേനൽ ചൂട് കാരണം മെയ് മാസത്തിൽ ട്രക്ക് ഡ്രൈവർമാരും ലോഡർമാരും പകൽ ജോലികളിൽ നിന്ന് വിട്ടുനിന്നതോടെ ഇന്ത്യയിലുടനീളം ചരക്കുഗതാഗത വാഹനങ്ങളുടെ മൊത്തം ശേഷിയിൽ 60 ശതമാനത്തോളം ഒഴിഞ്ഞുകിടന്നു. കൊടും ചൂടിന് പുറമെ ഏതാനും പൊതു നിർമാണ പ്രവർത്തനങ്ങളും ചരക്കുഗതാഗതം മന്ദഗതിയിലാക്കിയതോടെ പ്രധാന ചരക്കു പാതകളിലെ ട്രക്ക് വാടകയിലും വലിയ ഇടിവുണ്ടായതായി ശ്രീറാം മൊബിലിറ്റി ബുള്ളറ്റിൻ റിപോർട്ട് പറയുന്നു. ഡൽഹികൊൽക്കത്തഡൽഹി, ഡൽഹിചെന്നൈഡൽഹി, മുംബൈകൊൽക്കത്തമുംബൈ എന്നീ റൂട്ടുകളിലാണ് വാടക നിരക്കിൽ കാര്യമായ ഇടിവ് രേഖപ്പെടുത്തിയതെന്ന് ലോജിസ്റ്റിക്സ്, ഓട്ടോമൊബൈൽ രംഗത്തെ പുതിയ പ്രവണതകൾ വ്യക്തമാക്കുന്ന ഈ റിപോർട്ട് ചൂണ്ടിക്കാട്ടുന്നു. പൊതു പശ്ചാത്തല സൗകര്യ വികസന പദ്ധതി പ്രവർത്തനങ്ങളും കുറഞ്ഞിരുന്നെങ്കിലും വേനൽകാല അവശ്യവസ്തുക്കളുടെ ഡിമാൻഡ് ഉയർന്നതിനാലാണ് ട്രക്കുകൾ പ്രധാനമായും ഓടിയതെന്ന് ശ്രീറാം ഫിനാൻസ് എംഡിയും സിഇഒയുമായ വൈ.എസ് ചക്രവർത്തി പറഞ്ഞു.ഇന്ത്യയിൽ ഇത്തവണ മികച്ച മൺസൂൺ ലഭിക്കുന്ന പ്രതീക്ഷയിൽ ട്രാക്ടർ വിൽപ്പനയിൽ മെയ് മാസത്തിൽ വലിയ കുതിപ്പുണ്ടായും ശ്രീറാം മൊബിലിറ്റി ബുള്ളറ്റിൻ വ്യക്തമാക്കുന്നു. കാർഷികാവശ്യങ്ങൾക്കുള്ള ട്രാക്ടറുകളുടെ വിൽപ്പനയിൽ 24 ശതമാനം വർധനയാണ് മെയിൽ രേഖപ്പെടുത്തിയത്. വാണിജ്യാവശ്യങ്ങൾക്കുള്ള ട്രാക്ടറുകളുടെ വിൽപ്പനയിൽ 20 ശതമാനവും വളർച്ചയുണ്ടായി.മെയ് മാസം അവധി സീസണും, തിരഞ്ഞെടുപ്പ് പ്രചാരണ കാലവുമായിരുന്നതിനാൽ ഇന്ധന വിൽപ്പനയിലും ഫാസ്റ്റാഗ് വരുമാനത്തിലും വലിയ വർധനയുണ്ടായി. ടോൾ വരുമാനത്തിൽ ആറ് ശതമാനമാണ് പ്രതിമാസ വർധന. ഇന്ധന ഉപഭോഗത്തിൽ അഞ്ച് ശതമാനം വർധനയും രേഖപ്പെടുത്തി. 3.45 ദശലക്ഷം ടൺ ഇന്ധനമാണ് മെയിൽ കത്തിത്തീർന്നത്. ഡീസലിന്റെ പ്രതിമാസ ഉപഭോഗം ആറ് ശതമാനം വർധിച്ച് 8.39 ദശലക്ഷം ടണ്ണിലെത്തിയതായും റിപ്പോർട്ട് പറയുന്നു. എ.സി, ഫ്രിഡ്ജറേറ്റർ, വേനൽക്കാല പഴങ്ങൾ എന്നിവയായിരുന്നു മെയ് മാസം ഇന്ത്യയിലുടനീളം ഓടിയ ട്രക്കുകളിലെ പ്രധാന ചരക്കുകൾ. പ്രധാന തുറമുഖങ്ങൾ വഴിയുള്ള ചരക്കുനീക്കങ്ങളിലും ആറ് ശതമാനം വളർച്ചയുണ്ടായി.

# പുതിയ എഡ്ജ് ഉൽപ്പന്നങ്ങൾ പുറത്തിറക്കി കാസ്ട്രോൾ

**കൊച്ചി:** കാസ്ട്രോൾ എഡ്ജ് ലൈൻ എന്ന പുതിയ നിര ഉൽപ്പന്നങ്ങൾ പുറത്തിറക്കി കാസ്ട്രോൾ ഇന്ത്യാ ലിമിറ്റഡ്. യാത്രാ കാർ സെഗ്മെന്റിനു മാത്രമായുള്ള 3 പുതിയ വേരിയന്റുകൾ കൂടി ഉൾപ്പെടുന്ന അത്യാധുനിക എഞ്ചിൻ ഓയിൽ മികച്ച പ്രകടനത്തിനു വേണ്ടി പ്രത്യേകം രൂപം നൽകിയിട്ടുള്ളതാണെന്ന് കാസ്ട്രോൾ ഇന്ത്യ ലിമിറ്റഡിന്റെ വൈസ് പ്രസിഡന്റും മാർക്കറ്റിങ്ങ് ഹെഡ്ഡുമായ രോഹിത് തൽവാർ പറഞ്ഞു.ഇതിന്റെ ഭാഗമായി 'സ്റ്റേ എഹഡ്' എന്ന പേരിൽ ബ്രാൻഡ് അംബാസഡറായ ഷാരൂഖ് ഖാനെ അവതരിപ്പിച്ചു കൊണ്ട് പ്രചാരണ പരിപാടി പുറത്തിറക്കി. ഹൈബ്രിഡ് മുതൽ യൂറോപ്യൻ കാറുകളും എസ്‌യു വികളും അടക്കമുള്ള വാഹന നിരകൾക്ക് വേണ്ടി പ്രത്യേകമായി രൂപം നൽകിയിട്ടുള്ളതാണ് പുതിയ കാസ്ട്രോൾ എഡ്ജ് നിര ഉൽപ്പന്നങ്ങൾ എന്നും രോഹിത് തൽവാർ പറഞ്ഞു.

കാസ്ട്രോൾ എഡ്ജ് ലൂബ്രിക്കന്റ് കടുത്ത സാഹചര്യങ്ങളിൽ പോലും ചുരുങ്ങിയത് 30% മെച്ചപ്പെട്ട പ്രകടനമെങ്കിലും നൽകുവാൻ രൂപപ്പെടുത്തിയതാണ്.

ഏറ്റവും പുതിയ ഒ ഇ എം സ്പെസിഫിക്കേഷനുകൾക്ക് അനുസരിച്ച് രൂപകൽപ്പന നൽകി പരീക്ഷിക്കപ്പെട്ട പവർ ബൂസ്റ്റ് ടെക്നോളജിയോടു കൂടിയുള്ള മൊത്തം ഉൽപ്പന്ന നിരയും ഡ്രൈവർമാർക്ക് കൂടുതൽ കരുത്തും വേഗതയും നൽകുന്നു.

ഹൈബ്രിഡ് എഞ്ചിനുകൾക്ക് വേണ്ടിയുള്ള എഡ്ജ് ഹൈബ്രിഡ് എന്ന പ്രത്യേക ലൂബ്രിക്കന്റും പുതിയ ശ്രേണിയിൽ ഉൾപ്പെടുന്നു.

# ബജാജ് ഹൗസിങ് ഫിനാൻസ് ഐപിഒയ്ക്ക്

**കൊച്ചി:** ബജാജ് ഗ്രൂപ്പിൻറെ ഭാഗവും ഭവന വായ്പ കമ്പനിയുമായ ബജാജ് ഹൗസിങ് ഫിനാൻസ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടുരേഖ സമർപ്പിച്ചു. നാഷണൽ ഹൗസിങ് ബാങ്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കമ്പനി ഐപിഒയിലൂടെ 7,000 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്.10 രൂപ മുഖവിലയുള്ള 4000 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 3,000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരികൾ എൻഎസ്ഇയിലും ബിഎസ്ഇയിലും ലിസ്റ്റ് ചെയ്യും. കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ്, ബോഫാ സെക്യൂരിറ്റീസ് ഇന്ത്യ ലിമിറ്റഡ്, ആക്സിസ് ക്യാപിറ്റൽ ലിമിറ്റഡ്, ഗോൾഡ്മാൻ സാച്ച്സ് സെക്യൂരിറ്റീസ് പ്രൈവറ്റ് ലിമിറ്റഡ്, എസ്ബിഐ ക്യാപിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ്, ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, ഐഐഎഫ്എൽ സെക്യൂരിറ്റീസ് ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# എസ്എംഇ ഡിജിറ്റൽ ബിസിനസ് ലോൺ അവതരിപ്പിച്ച് എസ്ബിഐ

**കൊച്ചി:** ചെറുകിട സംരംഭങ്ങൾക്കായുള്ള വായ്പാ മേഖലയില് എസ്ബിഐ എസ്എംഇ ഡിജിറ്റൽ ബിസിനസ് ലോൺ അവതരിപ്പിച്ചു. വരുന്ന അഞ്ചു വർഷങ്ങളിൽ ബാങ്കിന്റെ വളർച്ചയിലും ലാഭക്ഷമതയിലും എംഎസ്എംഇ വായ്പകൾ പ്രധാന പങ്കു വഹിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. ഈ രംഗത്ത് ഗണ്യമായ ഒരു ചുവടു വെപ്പാണ് 45 മിനിറ്റിനുള്ളില് ചെറുകിട, ഇടത്തരം സംരംഭങ്ങള്ക്ക് ഡിജിറ്റല് വായ്പകള് അംഗീകരിച്ചു നൽകുന്ന ഈ നീക്കം. ആദായ നികുതി റിട്ടേൺ, ജിഎസ്ടി റിട്ടേൺ, ബാങ്ക് സ്റ്റേറ്റ്മെന്റുകൾ തുടങ്ങിയ ആധികാരിക സ്രോതസുകളിൽ നിന്നുള്ള ഡാറ്റ പ്രയോജനപ്പെടുത്തിയും അത്യാധുനീക സാങ്കേതികവിദ്യ ഉപയോഗിച്ചുമാണ് ഈ വായ്പകൾ അവതരിപ്പിക്കുന്നത്. മാനുഷിക ഇടപെടലുകൾ ഇല്ലാതെ ആവശ്യമായ വിവരങ്ങൾ നൽകിയാൽ പത്തു സെക്കന്റിനുള്ളിൽ അനുവദിക്കുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളും.പരമ്പരാഗത രീതിയിലെ അണ്ടർറൈറ്റിങ്, ദൈർഘ്യമായ വിലയിരുത്തൽ പ്രക്രിയകൾ ഇതിലൂടെ ഒഴിവാക്കപ്പെടുകയും എംഎസ്എംഇ വായ്പകൾ ലളിതമാക്കുകയും ചെയ്യും. 50 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് സാമ്പത്തിക സ്റ്റേറ്റ്മെന്റിന്റെ ആവശ്യകത ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. എസ്എംഇ ഡിജിറ്റൽ വായ്പകളുമായി ഈ രംഗത്ത് തങ്ങൾ പുതിയൊരു നിലവാരത്തിനു തുടക്കം കുറിച്ചിരിക്കുകയാണെന്ന് എസ്ബിഐ ചെയർമാന് ദിനേഷ് ഖാരെ പറഞ്ഞു.

# എജ്യൂടെക് മേഖലയിൽ വളർച്ചയുമായി ലീഡ്

**കൊല്ലം:** ഇന്ത്യയിലെ മുൻനിര സ്കൂൾ എജ്യൂടെക് ആയ ലീഡിന്റെ 2024ലെ സിബിഎസ്ഇ 10ാം ക്ലാസ് വിദ്യാർത്ഥികൾ മികച്ച നേട്ടം കൈവരിച്ചു. ഈ വർഷം 161 വിദ്യാർത്ഥികൾ 90 ശതമാനത്തിലേറെ മാർക്ക് കരസ്ഥമാക്കി. പത്തനാപുരം പദ്മശ്രീ സെൻട്രൽ സ്കൂളിലെ ആർദ്ര രവീന്ദ്രൻ നായർ ശ്രദ്ധേയമായ നേട്ടത്തോടെ 97 ശതമാനം മാർക്ക് കരസ്ഥമാക്കി. കണക്ക്, സാമൂഹ്യ ശാസ്ത്രം, സംഗീതം പോലുള്ള വിഷയങ്ങളിൽ ലീഡിന്റെ നിരവധി വിദ്യാർത്ഥികൾ മുഴുവൻ മാർക്കും സ്കോർ ചെയ്തതായി ലീഡ് ഗ്രൂപ്പ് സിഇഒയും സഹ സ്ഥാപകനുമായ സുമീത് മേഹ്ത്ത പറഞ്ഞു.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com


THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER
HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62
SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19
SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663